**മധുരമായ കുട്ടികളേ, തന്റെ കണക്ക് പരിശോധിക്കൂ. മുഴുവൻ ദിവസത്തിലും ബാബയെ എത്ര സമയം ഓർമ്മിച്ചു, ഏതെങ്കിലും തെറ്റുകൾ ചെയ്തില്ലല്ലോ? എന്തുകൊണ്ടെന്നാൽ നിങ്ങൾ ഓരോരുത്തരും വ്യാപാരികളാണ്**

**ചോദ്യം:-** അന്തർമുഖിയായിരുന്ന് ഏതൊരു പരിശ്രമം ചെയ്യുകയാണെങ്കിൽ അപാരമായ സന്തോഷം ഉണ്ടായിരിക്കും?
**ഉത്തരം:-** ജന്മ ജന്മാന്തരമായി എന്തൊക്കെയാണോ ചെയ്തത്, എന്തെല്ലാമാണോ മുന്നിൽ വന്നുകൊണ്ടിരിക്കുന്നത്, സർവ്വതിൽ നിന്നും ബുദ്ധിയോഗത്തെ മാറ്റി സതോപ്രധാനമാകുന്നതിന് വേണ്ടി ബാബയെ ഓർമ്മിക്കുവാൻ പരിശ്രമിക്കൂ. നാല് ഭാഗത്ത് നിന്നും ബുദ്ധിയെ വേർപെടുത്തി അന്തർമുഖിയായിരുന്ന് ബാബയെ ഓർമ്മിക്കൂ. സേവനത്തിന്റെ തെളിവ് നല്കൂ അപ്പോൾ അപാരമായ സന്തോഷമുണ്ടാകും.

**ഓംശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ്, ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്കാണ് മനസ്സിലാക്കി തരുന്നത് എന്ന് കുട്ടികൾക്കറിയാം. ആത്മീയ അച്ഛൻ പരിധിയില്ലാത്ത അച്ഛനാണ്. ആത്മീയ കുട്ടികളും പരിധിയില്ലാത്ത കുട്ടികളാണ്. ബാബക്ക് എല്ലാ കുട്ടികളുടേയും സദ്ഗതി ചെയ്യണം. ആരിലൂടെ? ഈ കുട്ടികളിലൂടെ വിശ്വത്തിന്റെ സദ്ഗതി നടത്തണം. ലോകം മുഴുവനുമുള്ള കട്ടികൾ ഇവിടെ വന്ന് പഠിക്കുന്നില്ല. പേര് തന്നെ ഈശ്വരീയ വിശ്വ വിദ്യാലയം എന്നാണ്. സർവ്വർക്കും മുക്തിയുണ്ടാകുന്നുണ്ട്. മുക്തിയെന്നോ ജീവന്മുക്തിയെന്നോ പറയൂ. മുക്തിയിലേക്ക് പോയി സർവ്വർക്കും ജീവന്മുക്തിയിലേക്ക് വരിക തന്നെ വേണം. സർവ്വക്കും മുക്തിധാമം വഴി ജീവന്മുക്തിയിലേക്ക് വരണം എന്ന് പറയും. ഒരാൾക്ക് പിറകെ ഓരോരുത്തർക്കായി താഴേക്ക് പാർട്ട് അഭിനയിക്കാൻ വരിക തന്നെ വേണം. അതു വരെ മുക്തിധാമത്തിൽ തന്നെ ഇരിക്കേണ്ടതായുണ്ട്. കുട്ടികൾക്ക് ഇപ്പോൾ രചയിതാവിനേയും രചനയേയും മനസ്സിലായി. ഈ മുഴുവൻ രചനയും അനാദിയാണ്. രചയിതാവ് ഒരേയൊരു ബാബ തന്നെയാണ്. ഈ സർവ്വ ആത്മാക്കളും പരിധിയില്ലാത്ത ബാബയുടെ കുട്ടികളാണ്. കുട്ടികൾ മനസ്സിലാക്കുമ്പോൾ അവർ വന്ന് യോഗം പഠിക്കും. ഇത് ഭാരതത്തിന് വേണ്ടിയുള്ള യോഗമാണ്. ബാബ വരുന്നതും ഭാരതത്തിലാണ്. ഭാരതവാസികളെ തന്നെയാണ് ഓർമ്മയുടെ യാത്ര പഠിപ്പിച്ച് പാവനമാക്കുന്നത് അതുപോലെ ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്ന ജ്ഞാനവും നൽകുന്നു, ഇതും കുട്ടികൾക്കറിയാം. രുദ്രമാലയുമുണ്ട് അതിനെ സ്തുതിക്കുകയും പൂജിക്കുകയും ഓർമ്മിക്കുകയും ചെയ്യുന്നു. ഭക്തരുടെ മാലയുമുണ്ട്. ഏറ്റവും വലുത് ഭക്തരുടെ മാലയാണ്. ഭക്തമാലയ്ക്ക് ശേഷമാണ് ജ്ഞാനത്തിന്റെ മാല ഉണ്ടാകേണ്ടത്. ഭക്തിയും ജ്ഞാനവുമല്ലേ. ഭക്തമാലയുമുണ്ട് രുദ്രമാലയുമുണ്ട്. പിന്നെ വിഷ്ണുവിന്റെ മാലയെന്നും പറയുന്നു കാരണം മനുഷ്യ സൃഷ്ടിയിൽ ഏറ്റവും ഉയർന്നത് വിഷ്ണുവാണ്, വിഷ്ണുവിനെ സൂക്ഷ്മവതനത്തിൽ കാണിച്ചിരിക്കുന്നു. ഇദ്ദേഹമാണ് പ്രജാപിതാ ബ്രഹ്മാവ്, ഇദ്ദേഹത്തിന്റെ മാലയുമുണ്ട്. അവസാനം ഈ മാലയുണ്ടാകുമ്പോഴാണ് ആ രുദ്ര മാലയും വിഷ്ണുവിന്റെ വൈജയന്തി മാലയും ഉണ്ടാകുന്നത്. ഉയർന്നതിലും ഉയർന്നത് ശിവബാബയാണ് പിന്നീട് വിഷ്ണുവിന്റെ രാജ്യം. ഭംഗിക്കു വേണ്ടി ഭക്തിയിൽ എത്രമാത്രം ചിത്രങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്. എന്നാൽ ജ്ഞാനമൊന്നും തന്നെയില്ല. നിങ്ങൾ ഉണ്ടാക്കുന്ന ചിത്രങ്ങൾ മനസ്സിലാക്കി കൊടുക്കണം അപ്പോൾ മനുഷ്യർ മനസ്സിലാക്കും. അല്ലെങ്കിൽ ശിവനെയും ശങ്കരനേയും ഒന്നാക്കി മാറ്റും.

ബാബ പറയുന്നു സൂക്ഷ്മവതനത്തിലും മുഴുവൻ സാക്ഷാത്ക്കാരത്തിന്റെ കാര്യമാണ്. അവിടെ അസ്ഥിയും മാംസവും ഉണ്ടായിരിക്കില്ല. സാക്ഷാത്ക്കാരം ലഭിക്കുന്നു. സമ്പൂർണ്ണ ബ്രഹ്മാവുമുണ്ട് പക്ഷേ അത് സമ്പൂർണ്ണവും അവ്യക്തവുമാണ്. ഇപ്പോഴുള്ള വ്യക്ത ബ്രഹ്മാവിന് അവ്യക്തമാകണം. വ്യക്തമായിട്ടുള്ളത് തന്നെയാണ് അവ്യക്തമാകുന്നത്, അവ്യക്തത്തെ ഫരിസ്ത എന്നും പറയുന്നു. സൂക്ഷ്മവതനത്തിൽ ആ ചിത്രവും വച്ചിരിക്കുന്നു. സൂക്ഷ്മവതനത്തിൽ പോവുകയും പഴച്ചാറ് കുടിപ്പിച്ചതായും പറയാറുണ്ട്. അവിടെ മരങ്ങളൊന്നും ഉണ്ടായിരിക്കില്ല. വൈകുണ്ഠത്തിലുണ്ട്, പക്ഷേ വൈകുണ്ഠത്തിൽ നിന്നും കൊണ്ട് വന്ന് കുടിപ്പിച്ചതല്ല. ഇതെല്ലാം സൂക്ഷ്മവതനത്തിലുള്ള സാക്ഷാത്ക്കാരത്തിന്റെ കാര്യങ്ങളാണ്. തിരികെ വീട്ടിലേക്ക് പോകണമെന്നും ആത്മാ അഭിമാനിയാകണമെന്നും ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം. ഞാൻ ആത്മാവ് അവിനാശിയാണ്, ഈ ശരീരം വിനാശിയാണ്. നിങ്ങൾ കുട്ടികൾക്കാണ് ആത്മാവിന്റെ ജ്ഞാനവുമുള്ളത്. അവർ ആത്മാവ് എന്താണ് എന്ന് പോലും അറിയുന്നില്ല. ആത്മാവിൽ 84 ജന്മങ്ങളുടെ പാർട്ട് എങ്ങനെയാണ് അടങ്ങിയിട്ടുള്ളത് എന്നും അവർക്ക് അറിയില്ല. ഈ ജ്ഞാനം ബാബ മാത്രമാണ്

നൽകുന്നത്. സ്വയം തന്റെ പരിചയവും നൽകുന്നു. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനവുമാക്കുന്നു. നമ്മൾ ആത്മാവാണ്, ഇപ്പോൾ പരമാത്മാവുമായി യോഗം വയ്ക്കണം, ഇത്രമാത്രം പുരുഷാർത്ഥം ചെയ്യൂ. സർവ്വ ശക്തിവാനെന്നും പതിത പാവനനെന്നും ഒരു ബാബയെ തന്നെയാണ് പറയുന്നത്. പതിത പാവനാ വരൂ എന്ന് സന്യാസിമാരും വിളിക്കുന്നു. ചിലർ ബ്രഹ്മത്തെയും പതിത പാവനൻ എന്ന് പറയുന്നു. നിങ്ങൾ കുട്ടികൾക്ക് ഭക്തിയുടെ അറിവും ലഭിക്കുന്നു, എത്ര സമയമാണ് ഭക്തിയുള്ളത്, ജ്ഞാനം എത്ര സമയമാണ്? ഇത് ബാബ മനസ്സിലാക്കി തരുന്നു. മുൻപ് ഒന്നും തന്നെ അറിഞ്ഞിരുന്നില്ല. മനുഷ്യർ തുച്ഛ ബുദ്ധികളായിത്തീർന്നിരിക്കുന്നു. സത്യയുഗത്തിൽ സ്വച്ഛ ബുദ്ധികളായിരുന്നു. അവരിൽ എത്രമാത്രം ദൈവീക ഗുണങ്ങളാണുണ്ടായിരുന്നത്. തീർച്ചയായും നിങ്ങൾ കുട്ടികൾക്ക് ദൈവീക ഗുണവും ധാരണ ചെയ്യണം. ഇവർ ദേവതയെ പോലെയാണെന്ന് പറയാറില്ലേ. എന്നാൽ സന്യാസിമാരെയും മഹാത്മാക്കളേയും ലോകർ അംഗീകരിക്കുന്നുണ്ട് എന്നാൽ അവർ ദൈവീക ബുദ്ധിയുള്ളവരല്ല. രജോഗുണി ബുദ്ധിയുള്ളവരാണ്. രാജാവും റാണിയും പ്രജകളുമില്ലേ. രാജധാനി എപ്പോൾ എങ്ങനെയാണ് സ്ഥാപിക്കുന്നത് എന്ന് ലോകത്തിലുള്ളവർ അറിയുന്നില്ല. ഇവിടെ നിങ്ങൾ സർവ്വതും പുതിയ കാര്യങ്ങളാണ് കേൾക്കുന്നത്. മാലയുടെ രഹസ്യവും മനസ്സിലാക്കി തന്നു. ബാബയാണ് ഉയർന്നതിലും ഉയർന്നത്. മുകളിലാണ് ബാബയുടെ മാല, ആ നിരാകാരനാണ് രുദ്രൻ, പിന്നീട് സാകാര ലക്ഷ്മീ-നാരായണന്റെ മാലയുമുണ്ട്. ഇപ്പോൾ ബ്രാഹ്മണരുടെ മാല ഉണ്ടാകുന്നില്ല. അന്തിമത്തിൽ നിങ്ങൾ ബ്രാഹ്മണരുടെ മാലയും ഉണ്ടാകുന്നു. ഈ കാര്യങ്ങളിൽ കൂടുതൽ ചോദ്യോത്തരങ്ങൾ നടത്തേണ്ട ആവശ്യമില്ല. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി പരംപിതാ പരമാത്മാവിനെ ഓർമ്മിക്കൂ ഇതാണ് മുഖ്യമായ കാര്യം. ഈ നിശ്ചയം പക്കയായിരിക്കണം. മുഖ്യമായ കാര്യമാണ് പതിതരെ പാവനമാക്കുക എന്നത്. ലോകം മുഴുവൻ പതിതമാണ് വീണ്ടും പാവനമാകണം. മൂലവതനത്തിലും സർവ്വരും പാവനമാണ്, സുഖധാമത്തിലും സർവ്വരും പാവനമാണ്. നിങ്ങൾ പാവനമായി പാവനലോകത്തിലേക്ക് പോകുന്നു. അർത്ഥം ഇപ്പോൾ പാവന ലോകം സ്ഥാപിക്കപ്പെട്ട് കൊണ്ടിരിക്കുന്നു. ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്.

ബാബ പറയുന്നു, മുഴുവൻ ദിവസത്തേയും കണക്ക് നോക്കൂ - ഒരു തെറ്റും സംഭവിച്ചില്ലല്ലോ? വ്യാപാരികൾ കണക്കുകൾ സൂക്ഷിക്കാറുണ്ട്, ഇതും സമ്പാദ്യമാണ്. നിങ്ങൾ ഓരോരുത്തരും വ്യാപാരികളാണ്. ബാബയുമായി വ്യാപാരം നടത്തൂ. നമ്മളിൽ എത്രമാത്രം ദൈവീക ഗുണങ്ങളുണ്ട്? എത്രമാത്രം ബാബയെ ഓർമ്മിക്കുന്നുണ്ട്? എത്രമാത്രം ഞാൻ അശരീരിയാകുന്നുണ്ട്? ഇത് സ്വയം പരിശോധിക്കണം. നമ്മൾ അശരീരിയായാണ് വന്നത് വീണ്ടും അശരീരിയായി തന്നെ പോകണം. ഇപ്പോൾ വരേയ്ക്കും എല്ലാവരും വന്ന് കൊണ്ടിരിക്കുകയാണ്. ഇടയിൽ വച്ച് ഒരാൾക്കും തിരിച്ച് പോവാൻ സാധിക്കില്ല. സർവ്വർക്കും ഒരുമിച്ചാണ് പോകേണ്ടത്. എന്നാൽ സൃഷ്ടി കാലിയാകുന്നില്ല, രാമനും പോയി രാവണനും പോയി... ഇങ്ങനെ പാടാറുണ്ട്, എന്നാൽ ഇപ്പോൾ രണ്ട് പേരും തന്നെയുണ്ട്. രാവണ സമ്പ്രദായം പോയാൽ പിന്നെ മടങ്ങി വരില്ല. ബാക്കി നിങ്ങൾ അവശേഷിക്കുന്നു. മുന്നോട്ട് പോകുമ്പോൾ സർവ്വതും സാക്ഷാത്ക്കാരമുണ്ടാകും. ഇതും അറിയണം പുതിയ ലോകം എങ്ങനെയാണ് സ്ഥാപിച്ച് കൊണ്ടിരിക്കുന്നത്, അവസാനം എന്ത് സംഭവിക്കും?. പിന്നീട് നമ്മുടെ ധർമ്മം മാത്രമായിരിക്കും ഉണ്ടായിരിക്കുക. സത്യയുഗത്തിൽ നിങ്ങൾ രാജ്യം ഭരിക്കും. കലിയുഗം നശിക്കും, വീണ്ടും സത്യയുഗം വരണം. ഇപ്പോൾ രാവണ സമ്പ്രദായവും രാമന്റെ സമ്പ്രദായവും രണ്ടുമുണ്ട്. സംഗമയുഗത്തിൽ തന്നെയാണ് ഇതെല്ലാം സംഭവിക്കുന്നത്. ഇപ്പോൾ നിങ്ങൾ ഈ സർവ്വ കാര്യങ്ങളും അറിയുന്നു. ബാബ പറയുന്നു ഇനിയും എന്തെല്ലാം രഹസ്യങ്ങളുണ്ടോ അത് മുന്നോട്ട് പോകവെ പതുക്കെ-പതുക്കെ മനസ്സിലാക്കി തരും. റെക്കോർഡിൽ എന്താണോ അടങ്ങിയിട്ടുള്ളത് അത് പുറത്ത് വന്നുകൊണ്ടിരിക്കും. നിങ്ങൾ മനസ്സിലാക്കുകയും ചെയ്യും. മുൻകൂട്ടി ഒന്നും തന്നെ പറഞ്ഞ് തരില്ല. ഇതും ഡ്രാമയുടെ പ്ലാനാണ്, റെക്കോർഡ് പുറത്ത് വന്നുകൊണ്ടിരിക്കുന്നു. ബാബ പറഞ്ഞു കൊണ്ടിരിക്കുന്നു. നിങ്ങളുടെ ബുദ്ധിയിൽ ഈ കാര്യങ്ങളുടെ അറിവ് വർദ്ധിച്ച് കൊണ്ടിരിക്കുന്നു. റിക്കാർഡ് പാടികൊണ്ടിരിക്കുന്നത് പോലെ ബാബയുടെ മുരളിയും നടന്ന് കൊണ്ടിരിക്കും. ഡ്രാമയുടെ രഹസ്യം മുഴുവൻ അടങ്ങിയിട്ടുണ്ട്. റിക്കാർഡിൽ സൂചി നീക്കിയതുകൊണ്ട് മാറ്റമൊന്നും തന്നെ വരില്ല, അതിലുള്ളതു തന്നെ ആവർത്തിക്കും. നിങ്ങൾ കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യും. ബാക്കി സർവ്വതും ഗുപ്തമാണ്. രാജധാനി സ്ഥാപിച്ച് കൊണ്ടിരിക്കുന്നു. മാല മുഴുവൻ ഉണ്ടായികൊണ്ടിരിക്കുകയാണ്. രാജധാനിയിൽ വ്യത്യസ്ഥ സ്ഥാനങ്ങളിൽ നിങ്ങൾ ജന്മമെടുക്കും. രാജാവും റാണിയും പ്രജകളും സർവ്വരും ആവശ്യമാണ്. ഇതെല്ലാം ബുദ്ധി കൊണ്ട് മനസ്സിലാക്കേണ്ടതാണ്. പ്രത്യക്ഷത്തിൽ എന്താണോ സംഭവിക്കുന്നത് അത് കാണാം. ഇവിടെ നിന്നും പോകുന്നവർ നല്ല സമ്പന്ന കുടുംബത്തിൽ ജന്മമെടുക്കുന്നു. ഇപ്പോഴും നിങ്ങൾക്ക് അവിടെ വളരെയധികം സത്ക്കാരം ലഭിക്കുന്നു. ഈ സമയവും രത്നങ്ങൾ പതിച്ച വസ്തുക്കൾ സർവ്വരുടെയും പക്കൽ ഉണ്ട്. എന്നാൽ അവയിൽ അത്രയും ശക്തിയില്ല. നിങ്ങളിലാണ് ശക്തിയുള്ളത്. നിങ്ങൾ എവിടെ പോകുന്നോ

അവിടെ നിങ്ങളുടെ പ്രഭ കാണിക്കും. നിങ്ങൾ ഉയർന്നതിലും ഉയർന്നവരാണ് അതുകൊണ്ട് നിങ്ങൾ അവിടെ പോയി നിങ്ങളുടെ ദൈവീക സ്വഭാവം കാണിക്കും. ആസുരീയ കുട്ടികൾ ജനിക്കുമ്പോൾ തന്നെ കരയുവാൻ തുടങ്ങും. അഴുക്കും ഉണ്ടായിരിക്കും. നിങ്ങൾ വളരെ നിയമാനുസൃതം വളരും. ദുർഗന്ധത്തിന്റെ കാര്യമേയില്ല. ഇന്നത്തെകാലത്തെ കുട്ടികൾ ദുർഗന്ധമുള്ളവരായിരിക്കന്നു. സത്യയുഗത്തിൽ അങ്ങനെയുള്ള കാര്യമേയില്ല. സ്വർഗ്ഗമല്ലേ. ചന്ദനത്തിരി കത്തിച്ചു വയ്ക്കുന്നതിനായി അവിടെ ദുർഗന്ധം ഉണ്ടായിരിക്കില്ല. പൂന്തോട്ടങ്ങളിൽ വളരെ സുഗന്ധമുള്ള പുഷ്പങ്ങൾ ഉണ്ടായിരിക്കും. ഇവിടെയുള്ള പുഷ്പങ്ങളിൽ അത്രയും സുഗന്ധമില്ല. അവിടെ ഓരോ വസ്തുവിലും 100 ശതമാനം സുഗന്ധമുണ്ടായിരിക്കും. ഇവിടെ 1 ശതമാനം പോലും ഇല്ല. അവിടെ പുഷ്പങ്ങളും ഫസ്റ്റ് ക്ലാസ്സായിരിക്കും. ഇവിടെയുള്ള ആൾ എത്ര തന്നെ സമ്പന്നനാണെങ്കിലും അത്രയും വരില്ല. അവിടെ പല പ്രകാരത്തിലുള്ള വസ്തുക്കൾ ഉണ്ടായിരിക്കും. പാത്രങ്ങളെല്ലാം സ്വർണ്ണത്തിന്റേതായിരിക്കും. ഇവിടെ ഏതുപോലെയാണോ കല്ലുകളുള്ളത് അവിടെ അതുപോലെ സ്വർണ്ണം തന്നെ സ്വർണ്ണമായിരിക്കും. പാടങ്ങളിലും സ്വർണ്ണമായിരിക്കും. ചിന്തിച്ച് നോക്കൂ- എത്രമാത്രം സ്വർണ്ണമുണ്ടായിരിക്കും! അത് ഉപയോഗിച്ചാണ് കെട്ടിടങ്ങളും മറ്റും ഉണ്ടാക്കുക. അവിടെ ഇങ്ങനെയുള്ള കാലാവസ്ഥയായിരിക്കും - വേനലുമായിരിക്കില്ല, മഞ്ഞുകാലവുമായിരിക്കില്ല. അവിടെ ഫാൻ ഉപയോഗിക്കേണ്ട തരത്തിലുള്ള ചൂടിന്റെ വിഷമതകൾ ഉണ്ടായിരിക്കില്ല. അതിന്റെ പേര് തന്നെ സ്വർഗ്ഗം എന്നാണ്. അവിടെ അപാരമായ സുഖമായിരിക്കും. മറ്റാരും നിങ്ങളെ പോലെ കോടാനുകോടി ഭാഗ്യശാലികളാകുന്നില്ല. ലക്ഷ്മീ-നാരായണന് എത്രമാത്രമാണ് മഹിമകൾ പാടുന്നത്. അപ്പോൾ അവരെ അങ്ങനെ ആക്കിത്തീർത്ത ആൾക്ക് എത്രത്തോളം മഹിമയുണ്ടായിരിക്കണം. ആദ്യം അവ്യഭിചാരി ഭക്തിയായിരുന്നു, പിന്നീട് ദേവതകളുടെ ഭക്തി ആരംഭിക്കുന്നു. അതിനെയും ഭൂത പൂജയെന്ന് പറയും. ആ ശരീരമില്ലല്ലോ. 5 തത്വങ്ങളുടെ പൂജയാണ് ചെയ്യുന്നത്. ശിവബാബയെക്കുറിച്ച് ഇങ്ങനെ പറയില്ല. പൂജിക്കുന്നതിന് വേണ്ടി സ്വർണ്ണമോ മറ്റേതെങ്കിലും വസ്ത്തുക്കളുടെയോ നിർമ്മിതിയുണ്ടാക്കുന്നു. ആത്മാവിനെ സ്വർണ്ണം എന്ന് പറയില്ല. ആത്മാവ് എന്ത് വസ്തു ഉപയോഗിച്ചാണ് ഉണ്ടാക്കിയിരിക്കുന്നത്? ശിവന്റെ ചിത്രം എന്ത് വസ്തു ഉപയോഗിച്ചാണ് ഉണ്ടാക്കിയിരിക്കുന്നത് എന്ന് ചോദിച്ചാൽ പെട്ടെന്ന് തന്നെ പറയും. എന്നാൽ ആത്മാവും-പരമാത്മാവും എന്ത് വസ്തു ഉപയോഗിച്ചാണ് ഉണ്ടാക്കിയിരിക്കുന്നത് എന്ന് പറയാൻ സാധിക്കില്ല. സത്യയുഗത്തിൽ 5 തത്വങ്ങളും ശുദ്ധമായിരിക്കും. ഇവിടെ അശുദ്ധമാണ്. പുരുഷാർത്ഥികളായ കുട്ടികൾ ഇങ്ങനെയിങ്ങനെ ചിന്തിച്ച് കൊണ്ടിരിക്കും. ബാബ പറയുന്നു ഈ എല്ലാ കാര്യങ്ങളേയും ഉപേക്ഷിക്കൂ. എന്ത് സംഭവിക്കണോ അത് സംഭവിക്കും. ആദ്യം ബാബയെ ഓർമ്മിക്കൂ. നാല് ഭാഗത്ത് നന്നും ബുദ്ധിയെ മാറ്റി എന്നെ മാത്രം ഓർമ്മിക്കൂ അപ്പോൾ വികർമ്മം വിനാശമാകും. എന്തെല്ലാമാണോ കേൾക്കുന്നത് ആ സർവ്വതിനേയും ഉപേക്ഷിച്ച് എനിക്ക് സതോപ്രധാനമാകണം എന്ന കാര്യം ഉറപ്പിക്കൂ. പിന്നെ സത്യയുഗത്തിൽ എന്താണോ കൽപ-കൽപം സംഭവിച്ചത് അത് തന്നെ സംഭവിക്കും. അതിൽ വ്യത്യാസം ഉണ്ടാകുകയില്ല. മുഖ്യമായ കാര്യമാണ്, ബാബയെ ഓർമ്മിക്കൂ. ഇതാണ് പരിശ്രമം. അത് പൂർത്തിയാക്കൂ. കൊടുങ്കാറ്റുകൾ ധാരാളം വരുന്നുണ്ട്. ജന്മ ജന്മാന്തരം എന്തൊക്കെയാണോ ചെയ്തത് അതെല്ലാം മുന്നിൽ വരുന്നു. അതുകൊണ്ട് എല്ലാ ഭാഗത്ത് നിന്നും ബുദ്ധിയെ മാറ്റി അന്തർമുഖിയായി എന്നെ ഓർമ്മിക്കാൻ പരിശ്രമിക്കൂ. നിങ്ങൾ കുട്ടികൾക്ക് സ്മൃതി വരുന്നുണ്ട് അതും നമ്പർവൈസ് പുരുഷാർത്ഥം അനുസരിച്ചാണ്. സേവനത്തിലൂടെയും മനസ്സിലാക്കാൻ സാധിക്കും. സേവനം ചെയ്യുന്നവർക്ക് സേവനത്തിന്റെ സന്തോഷമുണ്ടായിരിക്കും. നല്ല സേവനം ചെയ്യുന്നവർക്ക് സേവനത്തിന്റെ തെളിവും ലഭിക്കും. വഴികാട്ടികളായി വരുന്നു. ആരൊക്കെയാണ് മഹാരഥികൾ, കുതിര സവാരിക്കാർ, കാൽനടക്കാർ അതെല്ലാം പെട്ടെന്ന് അറിയാൻ സാധിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. മറ്റ് സർവ്വ കാര്യങ്ങളേയും ഉപേക്ഷിച്ച്, ബുദ്ധിയെ നാല് ഭാഗത്ത് നിന്നും വേർപെടുത്തി സതോപ്രധാനമാകുന്നതിന് വേണ്ടി അശരീരിയാകാൻ അഭ്യസിക്കണം. ദൈവീക ഗുണം ധാരണ ചെയ്യണം.

2. ബുദ്ധിയിൽ നല്ല-നല്ല ചിന്തകൾ കൊണ്ട് വരണം, നമ്മുടെ രാജ്യത്തിൽ എന്തെല്ലാം ഉണ്ടായിരിക്കും, അതിനെ കുറിച്ച് ചിന്തിച്ച് അതുപോലെ യോഗ്യനായ ചരിത്രവാനാകണം. ഇവിടെ നിന്നും ബുദ്ധിയെ വേർപെടുത്തണം.

**വരദാനം - സേവനത്തിലൂടെ പ്രാപ്തി ലഭിക്കുന്ന സർവ്വ പരിധിയുള്ള ആഗ്രഹത്തിൽ നിന്നും ഉപരി സദാ സമ്പന്നവും സമാനവുമായി ഭവിക്കട്ടെ.**

സേവനം അർത്ഥം തന്നെ പ്രാപ്തി നൽകുന്നതാണ്. അഥവാ ഏതെങ്കിലും സേവനം അസന്തുഷ്ടമാക്കുന്നു എങ്കിൽ അത് സേവനമല്ല. ഇങ്ങനെയുള്ള സേവനം ഉപേക്ഷിച്ചാലും സന്തുഷ്ടത ഉപേക്ഷിക്കരുത്. എങ്ങനെയാണോ ഭൗതിക രീതിയിൽ തൃപ്തമായവർ സദാ സന്തുഷ്ടമായിരിക്കുന്നത്, അതു പോലെ മനസ്സിന് തൃപ്തിയുള്ളവരും സദാ സന്തുഷ്ടമായിരിക്കുന്നു. സന്തുഷ്ടത തൃപ്തിയുടെ അടയാളമാണ്. തൃപ്തമായ ആത്മാവിൽ പരിധിയുള്ള ആഗ്രഹങ്ങളുടെയോ അംഗീകാരത്തിന്റെയോ സൗകര്യങ്ങളുടെയോ സാധനങ്ങളുടേയോ ദാഹം ഉണ്ടാകുകയില്ല.

**സ്ലോഗൻ - സത്യമായ ഹൃദയത്തോടെ നിസ്വാർത്ഥമായ സേവനത്തിൽ മുന്നേറുക അർത്ഥം പുണ്യത്തിന്റെ സമ്പാദ്യം ശേഖരിക്കുകയാണ്.**